**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3836** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ മൃഗസംരക്ഷണ - ക്ഷീരവികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ മൃഗസംരക്ഷണ - ക്ഷീരവികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിൽ Rebuild Kerala Initiative പദ്ധതികളുടെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ **അനുബന്ധം I** ആയി ചേർക്കുന്നു. കൂടാതെ ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് മൃഗാശുപത്രി വഴി വർഷം തോറും 5,80,000/-രൂപയോളം ചെലവഴിച്ച് രാത്രികാലങ്ങളിൽ കർഷകന്റെ വീട്ടു പടിക്കൽ വെറ്ററിനറി സേവനം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ സ്കൂൾ പൗൾട്രി ക്ലബ്ബ് പദ്ധതിയുടെ 2 യൂണിറ്റ് നടപ്പിലാക്കിയിട്ടുണ്ട്. ആയതിലേയ്ക്ക് 65,000/-രൂപ ചെലവഴിച്ച് രണ്ട് സ്കൂളുകളിലെ 50-ഓളം വിദ്യാർത്ഥികൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 20,000/-രൂപ ചെലവഴിച്ച് രണ്ട് വന്ധ്യതാ നിവാരണ ക്യാംപുകളും നടത്തിയിട്ടുണ്ട്.<br><br>ഗുരുവായൂർ നിയോജക മണ്ഡലത്തിൽ ക്ഷീര വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ **അനുബന്ധം II** ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ വെറ്ററിനറി പോളി ക്ലിനിക് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ഗുരുവായൂർ മണ്ഡലത്തിൽ വെറ്ററിനറി പോളി ക്ലിനിക്ക് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# ANNEXURE I

| Scheme | 2020-21 | | 2021-22 | |
|---|---|---|---|---|
| | No of units | Amount allotted & Utilized | No of units | Amount allotted & Utilized |
| Cattle rearing | 36 | 2280000 | | |
| Heifer rearing | 4 | 60000 | | |
| Goat rearing | 26 | 650000 | 2 | 50000 |
| Cattle shed | 8 | 200000 | | |
| Scientific Calf rearing | 2 | 25000 | | 200000 |
| Mechanization of farms | 0 | 0 | 2 | |
| Poultry rearing | 95 | 47500 | | |
| Cattle feed | 25 | 50000 | 25 | 100000 |
| Duck rearing | 62 | 74400 | | |
| Total | 260 | 3386900 | 29 | 350000 |

## ANNEXURE II

ഗുരുവായൂർ നിയോജക മണ്ഡലത്തിൽ ക്ഷീര വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

A. വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും
അഡ്വൈസറി സർവ്വീസസ്

1. ലോക ക്ഷീര ദിനാചരണം
2. കർഷക സമ്പർക്ക പരിപാടികൾ
3. ക്ഷീര കർഷക സംഗമം
4. പാൽ ഗുണമേന്മാ ബോധവൽക്കരണ പരിപാടി
5. ക്ഷീര വികസന യൂണിറ്റിലെ ഇൻഫർമേഷൻ സെന്ററിന് പ്രവർത്തന ഫണ്ട്.
6. കണ്ടിജൻസി ഫണ്ട്

B. തീറ്റപ്പുൽകൃഷി വികസന പദ്ധതി
1. സബ്സിഡിയോടെ തീറ്റപ്പുൽകൃഷി
2. സൗജന്യമായി തീറ്റപ്പുൽതണ്ടുകളുടെ വിതരണം
3. ചോളം കൃഷി
4. സൗജന്യമായി തീറ്റപ്പുൽ വിത്തുകളുടെ വിതരണം
5. സൗജന്യമായി കാലിത്തീറ്റയായി ഉപയോഗിക്കുന്ന വൃക്ഷവിളത്തൈകളുടെ വിതരണം
6. തീറ്റപ്പുൽകൃഷി വികസനത്തിന് ഡയറി പ്രമോട്ടറുടെ സേവനം

C. മിൽക്ക് ഷെഡ് വികസന പദ്ധതി
1. ഒരു പശു, രണ്ട് പശു, അഞ്ച് പശു യൂണിറ്റുകൾക്ക് സബ്സിഡി
2. പശു-കിടാരി കോമ്പോസിറ്റ് യൂണിറ്റുകൾക്ക് സബ്സിഡി
3. അതിദരിദ്ര നിർമ്മാർജ്ജനത്തിന് ഒരു പശു യൂണിറ്റ്
4. കന്നുകുട്ടികളെ ദത്തെടുത്ത് പ്രത്യേക തീറ്റകൾ നൽകി പരിപാലിക്കൽ
5. സ്പെഷ്യൽ ബൂസ്റ്റർ പദ്ധതിയിൽ ഒരു സംഘത്തിലേക്കും അവിടത്തെ കർഷകർക്കും പ്രത്യേക ധനസഹായം
6. കറവയന്ത്രം, തൊഴുത്ത്, ആവശ്യാധിഷ്ഠിത പദ്ധതി എന്നിവയ്ക്ക് സബ്സിഡി
7. മിൽക്ക് ഷെഡ് വികസനത്തിന് വ്യുമൺ കാറ്റിൽ കെയർ വർക്കർ

D. ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി
1. ക്ഷീരസംഘങ്ങളുടെ അവലോകന യോഗങ്ങൾ നടത്തുന്നതിന് തുക
2. മിൽക്ക് റൂട്ടിൽ പാൽ എത്തിച്ചു നൽകാൻ ട്രാൻസ്പോർട്ടേഷൻ അസിസ്റ്റൻസ്.
3. സംഘങ്ങളിൽ പാലിന്റെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ FSSA ധനസഹായം
4. സംഘങ്ങൾക്ക് ആവശ്യാധിഷ്ഠിത ധനസഹായം
5. അടഞ്ഞു കിടന്ന സംഘങ്ങൾ പുനരാരംഭിക്കാൻ റിവൈവൽ ഫണ്ട്
6. പുതിയ ക്ഷീരസംഘത്തിന് പ്രവർത്തന മൂലധനം

E. കാറ്റിൽ ഫീഡിംഗ് പദ്ധതി
1. സബ്സിഡിയോടെ വൈക്കോൽ/സൈലേജ്/പച്ചപ്പുൽ വിതരണം
2. സൗജന്യനിരക്കിൽ ധാതുലവണ മിശ്രിതങ്ങളുടെ വിതരണം

F. മിൽക്ക് ഇൻസെന്റീവ് പദ്ധതി

1. ക്ഷീര സംഘത്തിൽ അളന്ന പാലിന് ആനുപാതികമായി കർഷകരുടെ അക്കൗണ്ടിലേക്ക് മിൽക്ക് ഇൻസെന്റീവ്
   തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഒരു ലിറ്റർ പാലിന് 3/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതാണ്.

G. ക്ഷീര കർഷക ക്ഷേമനിധി പദ്ധതി

1. പെൻഷൻ
2. കുടുംബപെൻഷൻ
3. വിവാഹധനസഹായം
4. മരണാനന്തര ധനസഹായം
5. വിദ്യാഭ്യാസ സ്കോളർഷിപ്പ്
6. ചികിത്സാ ധനസഹായം – ഇൻഷുറൻസ് പരിരക്ഷ
7. ക്ഷീരസാന്ത്വനം ഇൻഷുറൻസ് പരിരക്ഷ

ഇവ കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളായ കറവപ്പശുക്കൾക്ക് കാലിത്തീറ്റ പദ്ധതി, പാലിന് ഇൻസെന്റീവ്, പശു യൂണിറ്റ്, ചാണകം ഉണക്കി പൊടിക്കുന്നതിനുള്ള യൂണിറ്റ്, ഫാം നവീകരണത്തിന് ആവശ്യാധിഷ്ഠിത ധനസഹായം, ക്ഷീരകർഷകർക്ക് തൊഴിലുറപ്പ് പദ്ധതി എന്നിവയും നടപ്പിലാക്കുന്നു.